# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3347**

**16-12-2015 ൽ**
**ഇടക്കാല മറുപടി നൽകിയത്**
**(പൂർണ്ണ മറുപടി)**

# നെല്ല് ഉൽപാദനം

**ചോദ്യം**
ശ്രീമതി.കെ.എസ്.സലീഖ

**മറുപടി**
ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന നെൽ വയൽ ഭൂമിയുടെ വിസ്തൃതി എത്ര; ആയത് 2015-16-ൽ എത്ര; നെല്ല് ഉൽപാദനം പ്രസ്തുത കാലയളവിനുള്ളിൽ എത്രയായി കുറഞ്ഞു; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 208160 ഹെക്ടർ നെൽ വയൽ ഉണ്ടായിരുന്നു. ആയത് 2012 -2013 ൽ 197277 ഹെക്ടറും 2013 - 2014 ൽ 199611 ഹെക്ടറാവുകയുമുണ്ടായി. 2011 -2012 വർഷം ഉൽപ്പാദനം 568990 മെ.ടൺ ആയിരുന്നത് 2014 – 15 ആയപ്പോൾ 562090 മെ.ടൺ ആയിട്ടുണ്ട്. 2011 -2012 ൽ ഉൽപ്പാദനക്ഷമത (അരിയുടെ) 2733 കിലോ ആയിരുന്നത് 2014 -2015 ൽ 2836 കിലോഗ്രാമായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | കൃഷിയിറക്കാതെ തരിശായി കിടക്കുന്ന പാടങ്ങൾ ഉപയോഗശൂന്യമായതിന്റെ കാരണം വിലയിരുത്തി കൃഷിക്ക് ഉപയുക്തമാക്കാനും തരിശു നിലങ്ങളിൽ മുഴുവൻ കൃഷിയിറക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | തരിശായികിടക്കുന്ന നെൽ വയലുകളിൽ തരിശുനില നെൽകൃഷിവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് 2011 -2012 വർഷം 3407 ഹെക്ടർ, 2012 - 2013 വർഷം 1373.4 ഹെക്ടർ 2013 - 2014 വർഷം 1903.95 ഹെക്ടർ 2014 - 2015 വർഷം 1805.8 ഹെക്ടർ എന്നിങ്ങനെ ഘട്ടം ഘട്ടമായി തരിശുനിലം നെൽകൃഷി യോഗ്യമാക്കി മാറ്റി വരുന്നുണ്ട്. 2015 – 2016 വർഷം 2000 ഹെക്ടറിൽ തരിശുനില നെൽകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | നിലവിൽ വിളമേനി (ഉൽപാദന ശേഷി) ഹെക്ടറിന് എത്ര ടൺ; ആയത് വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ ആവശ്യമായ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (സി) | 2011 -2012 ൽ അരിയുടെ ഉല്പാദന ക്ഷമത 2733 കിലോഗ്രാം ആയിരുന്നത് 2014 -2015 ൽ 2836 കിലോഗ്രാമായി വർദ്ധിച്ചിട്ടുണ്ട്. നിലവിൽ തരിശായി കിടക്കുന്ന നെൽ വയലുകൾ കൃഷി യോഗ്യമാക്കി മാറ്റി ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിലവിലുള്ള സ്ഥലങ്ങളിൽ നിന്ന് പരമാവധി |

| | | | |
|---|---|---|---|
| | | | ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. അതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖാന്തിരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• <u>സുസ്ഥിര നെൽകൃഷി വികസനം</u><br>നെൽകൃഷി കൂടുതൽ ലാഭകര മാക്കുന്നതിനും ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-2016 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ, (ഒരു ഹെക്ടറിന് 6000/- രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്.</u><br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം.</u><br>ആകെ 6 ജില്ലകളിലായി പൊക്കാളി ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.<br>• പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.<br>ഗ്രൂപ്പ് ഫാമിങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>• <u>തരിശുനിലനെൽകൃഷിവികസനം (ആർ.കെ.വി.വൈ)</u><br>തരിശുനിലനെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 7500/- രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • (ആർ.കെ.വി.വൈ) പൊക്കാളി നെൽകൃഷി വികസന പദ്ധതി<br>• 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ സാമ്പത്തിക പ്രതിസന്ധി മൂലം എത്ര നെൽകർഷകർ ആത്മഹത്യ ചെയ്തു; ഇവരുടെ കുടുംബത്തിന് എന്തൊക്കെ ധന സഹായങ്ങൾ നല്കി; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ സാമ്പത്തിക പ്രതിസന്ധി മൂലം 38 നെൽകർഷകർ ആത്മഹത്യ ചെയ്തു.<br>ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു<br>തിരുവനന്തപുരം - 1<br>തൃശ്ശൂർ - 2<br>പാലക്കാട് - 15<br>വയനാട് - 19<br>കാസർഗോഡ് - 1<br>വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് 18 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് ധനസഹായം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ